सत्यमेव जयते
കേരള സർക്കാർ

# കുന്നുകര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.11)1908 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 30.11.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.11)1908 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ–മെയിൽ : doekm.ksad@kerala.gov.in
തീയതി : 21.11.2016

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ......... അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ .......... എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഡി. സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.10.2016 മുതൽ 22.10.2016 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | കിഷോർ തോമസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ജോൺസൺ.ടി.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഷൈനി.പി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ബെന്നി സെബാസ്റ്റ്യൻ | ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | മുതൽ | വരെ |
|---|---|---|
| സാജിത ഷംസു | 01.04.2015 | 31.10.1015 |
| ഫ്രാൻസിസ് തറയിൽ | 01.11.2015 | 31.03.2016 |
| സെക്രട്ടറി | | |
| ടി.കെ.സന്തോഷ് | 01.04.2015 | 31.03.2016 |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസ്സി.സെക്രട്ടറി | വിജയമാലിനി.പി.ആർ | 01.04.2015 | 31.03.2016 |
| അസ്സി.എഞ്ചിനീയർ | ഷിജി ജോസ് | 01.04.2015 | 31.03.2016 |
| ലിജേഷ് ജോസഫ് | വി.ഇ.ഓ | 01.04.2015 | 31.03.2016 |
| പ്രിയ രഞ്ജൻ.ആർ | വി.ഇ.ഓ | 01.04.2015 | 31.03.2016 |
| സൗമ്യ പോൾ | കൃഷി ഓഫീസർ | 01.04.2015 | 31.03.2016 |
| ഡോ. ലാൽ ജി മാത്യു | വെറ്ററിനറി സർജൻ | 01.04.2015 | 31.03.2016 |
| ഡോ. മുഹമ്മദ് റഫീഖ് | ഹോമിയോ | 01.04.2015 | 31.03.2016 |
| ഡോ. മനോജ് | പി.എച്ച്.സി | 01.04.2015 | 31.03.2016 |

| | | | |
|---|---|---|---|
| ഡോ.വിദ്യ.ബി | ആയുർവേദം | 01.04.2015 | 31.03.2016 |
| ലൈസ.പി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2015 | 31.03.2016 |
| റോസി.പി.ജെ | ഹെഡ് മാസ്റ്റർ | 01.04.2015 | 31.03.2016 |

ഉള്ളടക്കം


| | ഭാഗം 1 | | |
|---|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |
| | ഭാഗം-II | | |
| 12 | തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2(1) | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2(2) | |
| 14 | പരസ്യനികുതി-ലേലകുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല | 2(3) | |
| 15 | ഓഡിറ്റ് ഇംപാക്റ്റ് - വസ്തു നികുതി കുറവ് ഒടുക്കിയത് ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ഈടാക്കി | 2(4)(1) | |
| 16 | ഓഡിറ്റ് ഇംപാക്റ്റ് - തൊഴിൽ നികുതി കുറവ് ഒടുക്കിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി. | 2(4)(2) | |
| 17 | ഭാഗം-III | | |
| | പട്ടികജാതി വിഭാഗത്തിന് വിദേശജോലിക്ക് സഹായംഅനുവദിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3(1) | |
| | MES കനാൽ റോഡ് ടാറിങ് - അപാകതകൾ | 3(2) | |
| | ഗുണഭോക്താക്കൾക്കുള്ള സബ്സിഡിയിൽ നിന്നും ബാങ്ക് കമ്മീഷൻ കുറവു ചെയ്യുന്നു | 3(3) | |
| | മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയില്ല | 3(4) | |
| | വണ്ടി വാടക നൽകിയതിൽനിന്നും ആദായനികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട്. | 3(5) | |
| | അങ്കണവാടികളിൽ സൂക്ഷിക്കുന്ന ഉപയോഗ ശൂന്യമായ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും നീക്കം ചെയ്തിട്ടില്ല. | 3(6) | |
| | ഭാഗം-IV | | |
| | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |

| | | | |
|---|---|---|---|
| | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| | ഓഡിറ്റ് റിക്കവറി | 4(6) | |
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 01/28.03.2015 | -- |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/ (+) |
|---|---|---|---|
| വസ്തു നികുതി | 35,00,000 | 22,23,949 | -12,76,051 |
| തൊഴിൽ നികുതി | 17,00,000 | 19,05,990 | +2,05,990 |
| വാടക | 10,00,000 | 8,41,910 | -1,58,090 |
| പരസ്യം | 70,000 | 44,500 | -25,500 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 1,00,000 | 1,20,750 | +20,750 |
| പെർമിറ്റ് ഫീസ് | 1,00,000 | 1,35,857 | +35,857 |
| മറ്റ് വരവുകൾ | 5,10,000 | 3,70,543 | -1,39,457 |

തനതു വരുമാനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ ബജറ്റ് യഥാർത്ഥ ഡിമാന്റുമായി ബന്ധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മേൽകണക്കുകളിൽ നിന്നും വ്യക്തമാണ്. വസ്തു നികുതി,വാടക,പരസ്യം,മറ്റ് വരവുകൾ എന്നിവ ബജറ്റ് നിർദേശത്തേക്കാൾ ഗണ്യമായ കുറവും തൊഴിൽ നികുതി കൂടുതലുമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ഡിമാന്റുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 15.06.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,73,14,906.00 |
| വരവ് | 3,83,57,930.00 |

| | |
|---|---|
| ആകെ | 6,56,72,836.00 |
| ചെലവ് | 5,24,46,574.00 |
| നീക്കിബാക്കി | 1,32,26,262.00 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2772433 | 8935535 + 499065(TC) | 12207033 | 12207033 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 3536450 | 4093818 | 7630268 | 7146232 | 484036 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1508431 | 3773226 | 5281657 | 5281657 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 736743 | 1853534 | 2590277 | 2590277 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 511054 | 3982529 | 4493583 | 4478554 | 15029 | 0 |
| ലോക ബാങ്ക് സഹായം | 2707913 | 0 | 2707913 | 2707913 | 0 | 0 |

## 1-6 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 152 | 150 | 2 | 0 | 98.68 |

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1607620 | 1573522 | 97.87 |
| വെറ്റിനറി സർജൻ | 5 | 5 | 933687 | 933620 | 99.99 |
| മെഡിക്കൽ ഓഫീസർ (PHC) | 4 | 4 | 531240 | 390385 | 73.48 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 590000 | 587280 | 99.53 |
| വി.ഇ.ഒ | 16 | 14 | 13346000 | 5351001 | 40.09 |
| ഐ.സി.ഡി.എസ് | 6 | 6 | 2742233 | 1668446 | 60.84 |
| സെക്രട്ടറി | 32 | 32 | 15712226 | 12169969 | 77.45 |
| ഹെഡ് മാസ്റ്റർ | 3 | 3 | 350000 | 350000 | 100 |
| അസ്സി.എഞ്ചിനീയർ | 64 | 64 | 18999007 | 11223004 | 59.07 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| അസ്സി.സെക്രട്ടറി | 13 | 13 | 7014950 | 5155415 | 73.49 |
| ആകെ | 152 | 150 | 62276963 | 39852352 | 63.99 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5219162 | 4090775 | (-)1128387 | (-)21.62 |
| നികുതിയേതര വരവുകൾ | 1283667 | 1378357 | (+)94690 | (+)7.37 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 383603 | 370543 | (-)13060 | (-)3.40 |
| ആകെ | 6886432 | 5839675 | (-)1046757 | (-)15.20 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 34 | 34 | 6 | |
| 2 | തൊഴിൽ രഹിത വേതനം | 4 | 4 | 4 | |
| 3 | വിധവാ പെൻഷൻ | 61 | 53 | 8 | |
| 4 | വികലാംഗ പെൻഷൻ | 26 | 22 | 4 | |
| 5 | അവിവാ ഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 1 | |
| 6 | വാർദ്ധക്യ കാല പെൻഷൻ | 390 | 331 | 61 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 3925/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുത രമായ ഓഡിറ്റ് പരാമ ർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.07.2016 & 19.07.2016 | ജൂൺ 2016 | 29.09.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 25.11.2009 മുതൽ 06.12.2009 വരെ | 2008-09 വരെ | 07.01.2010 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

3) ബാലൻസ് ഷീറ്റ്

4) റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ടിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ടിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. കുന്നുകര സർവ്വീസ് സഹകരണബാങ്കിലും (അക്കൗണ്ട് നം.0123100000001) കുത്തിയതോട് S.B.Iയിലും ആണ് അക്കൗണ്ടുകൾ ഉള്ളത് (അക്കൗണ്ട് നം.34075260391). 26/11/2015-ൽ ഡേ ബുക്കുപ്രകാരം 17582/-രൂപ വരവുണ്ട്. ഈ തുക 27/11/2015-ൽ അടവാക്കിയിരിക്കുന്നത് SBI (34075260391)അക്കൗണ്ടിലാണ്. അതുപോലെ 05/02/2016ൽ ഡേ ബുക്ക് പ്രകാരം 20612/-രൂപ വരവുള്ളതിൽ 18602/-രൂപ കുന്നുകര സർവ്വീസ് സഹകരണബാങ്കിലും, 2010/-രൂപ കുത്തിയതോട് S.B.I-ലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. ഗവൺമെന്റ് സർക്കുലർ നം. 58725/F.M.3.2008/ത.സ്വ.ഭ.വ /26/05/2011 പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ, ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടു മാത്രമേ നിലനിർത്താവൂ. തനത് ഫണ്ട് ഒറ്റ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ, കുന്നുകര | I, II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യനികുതി-ലേലകുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2014/15 സാമ്പത്തിക വർഷം പരസ്യനികുതി ലേലം ചെയ്തത്

68500/-രൂപയ്ക്കാണ്. ലേലം കൊണ്ടത് ശ്രീ. കെ.എസ്.ബിബിദാസൻ,കോക്കാടൻ വീട്, മുരിങ്ങൂർ പി.ഒ., ചാലക്കുടി എന്നയാളാണ്. മൂന്നു ഗഡുക്കളായാണ് പണം അടവാക്കാൻ ലേലത്തിൽ വ്യവസ്ഥ ചെയ്തിരുന്നത്. ആദ്യ ഗഡു 22834/-രൂപ ടിയാൻ 20/2/2014 ൽ rtno.11303103978 പ്രകാരം പഞ്ചായത്തിൽ അടവാക്കി. രണ്ടാം ഗഡു 22000/- രൂപ 9/3/2015 ൽ rt.no.1140310778 പ്രകാരവും അടവാക്കി. മൂന്നാം ഗഡുവായ

23500/-രൂപ (2014-2015 &2015-2016 AFS of Panchayath) നാളിതുവരെയായി ടിയാൻ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4(1) ഓഡിറ്റ് ഇംപാക്റ്റ് - വസ്തു നികുതി കുറവ് ഒടുക്കിയത് ഓഡിറ്റ് നിർദേശത്തെതുടർന്ന് ഈടാക്കി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകത ഓഡിറ്റ്

ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് കുറവ് വന്ന തുക ഈടാക്കി.

| സർവ്വേ നം. | കെട്ടിട നം. | വിസ്തീർണ്ണം/ ഉപയോഗം | പേര് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ബാക്കി |
|---|---|---|---|---|---|---|
| 660/2a | 5/401a | 241.15m2 വാണിജ്യം | ഷിയാസ് പട്ടർപറമ്പിൽ, സനൂപ്കള പുരയ്ക്കൽ, ഷെബീർ ഊലിക്കര | 241.15*45 = 10852-2170 =8682 rtno. 1150310 1222 dtd2/7/2015 | 241.15*55= 13263-2653 =10610 | വസ്തു നികുതി =1928 ലൈബ്രറി സെസ്സ് =97 |

കുറവ് വന്ന വസ്തുനികുതി 1928/-രൂപയും,ലൈബ്രറി സെസ്സ് 97/-രൂപയും ഉൾപ്പെടെ 2025 /-രൂപ രസീത് നമ്പർ 11606102428 Dtd 21.10.2016 പ്രകാരം ഈടാക്കി.

## 2-4(2) ഓഡിറ്റ് ഇംപാക്റ്റ് - തൊഴിൽ നികുതി കുറവ് ഒടുക്കിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി.

ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം താഴെപ്പറയുന്ന രീതിയിൽ തൊഴിൽ നികുതി കുറവായി ഈടാക്കിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി.

| ജീവനക്കാരന്റെ പേര് സ്ഥാപനം | വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | ഈടാക്കിയ രസീത് നമ്പർ |
|---|---|---|---|---|---|
| സുപ്രഭ.സി.വി-PHC കുന്നുകര | 61343 | 600 | 450 | 150 | 11601610 2427 Dtd.21.10.2016 |
| ലിജി.ടി.പി – സെ.അർനോൾഡ് സെൻട്രൽ സ്കൂൾ | 77760 | 750 | 600 | 150 | 11606102424 Dtd 21.10.2016 |
| | | ആകെ | | 300 | |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ നികുതി അടിയന്തിരമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി വിഭാഗത്തിന് വിദേശജോലിക്ക് സഹായം നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ പ്രോജക്ടാണ് പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് വിദേശത്ത് ജോലിക്കുപോകാനുള്ള ധനസഹായം നല്കൽ. ഇതുമായി ബന്ധപ്പെട്ട് 50,000/-രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് ധനസഹായമായിനൽകിയിട്ടുള്ളത്. GO(MS)362/2013ത.സ്വ.ഭ.വ. തിയതി 16.11.2013(സബ്സിഡി മാർഗരേഖ) ഉത്തരവ് പ്രകാരം 10000/-രൂപയും വിമാന ടിക്കറ്റിന്റെ ചാർജ്ജും മാത്രം നൽകുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഈ തുക 19/06/2015 മുതലാണ് 50,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താവ് 19/06/2015ന് മുമ്പ് വിദേശത്ത് പോയതിനാൽ മുകളിൽ സൂചിപ്പിച്ച വർദ്ധനവിന് അർഹനല്ല. വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പേര് | വിദേശത്തുപോയ തീയ്യതി | ഡി.ഡി.നമ്പർ/തീയ്യതി | തുക |
|---|---|---|---|
| സജീവ് കുമാർ | 14/05/2015 (വിമാന ടിക്കറ്റ് പ്രകാരം) | 759714/ Dtd18/8/2015 | 50,000 |

കൂടാതെ ടിയാളുടെ വിസയിൽ 14/5/2015 മുതൽ 90 ദിവസത്തേയ്ക്കുള്ള കാലാവധിയാണ് കാണിച്ചിരി ക്കുന്നത്. ആയതിനാൽ ഇത് ജോബ് വിസയാണോ,സന്ദർശന വിസയാണോ എന്ന കാര്യത്തിൽ വ്യക്തതയുമില്ല. മേല്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 MES കനാൽ റോഡ് ടാറിങ് - അപാകതകൾ

MES കനാൽ റോഡ് ടാറിങ്

കൺവീനർ - സി.കെ.മണി

ഫൈനൽ ബിൽ തുക -11486

പ്രോജക്ട് നമ്പർ - 153/16 ddno.853260/15/11/2016 തുക 103816/-

കുന്നുകര ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ MES കനാൽ റോഡ് ടാറിങ് എന്ന ജോലി സി.കെ. മണി കൺവീനറായ ഗുണഭോക്തൃസമിതിയാണ് നടപ്പാക്കിയത്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

a) ഗുണഭോക്തൃസമിതിയുടെ മീറ്റിംഗ് മിനുട്ട്സിൽ 1,18,500/- രൂപയ്ക്ക് കൺവീനറിൽ നിന്നും ടി പ്രവൃത്തി കെ.ടി. സാബു, കാഞ്ഞിരത്തോട് വീട് എന്നയാൾക്ക് സബ് കരാർ നൽകിയതായി കാണുന്നു. ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തി, ഉപകരാർ നൽകുന്നത് നിയമവിരുദ്ധമാണ്.

b) ഗുണഭോക്തൃ സമിതിയുടെ മീറ്റിംങ്ങിൽ റോഡുപണിയുടെ ആകെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പകരം 118500/-രൂപയുടെ ചെലവ് അംഗീകരിക്കുന്നു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സാധനങ്ങൾ ഇറക്കിയതിന്റെയും തൊഴിലാളികൾക്ക് കൂലി നൽകിയതിന്റെയും വിശദാംശങ്ങൾ അടങ്ങിയ കണക്കാണ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടിയിരുന്നത്.

c)കൺവീനർ ടാറിങ് വേലകൾക്കായി 1085 കി.ഗ്രാം ടാർ ഉപയോഗിച്ചിട്ടുണ്ട്. ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് കൺവീനർ ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ ടാർ വാങ്ങിയതിന്റെ ബില്ല് (7 ബാരൽ) ഓഡിറ്റിന് ഹാജരാക്കിയില്ല. ഇക്കാരണങ്ങളാൽ ടി വേലയ്ക്കായി ചെലവഴിച്ച 114186/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഗുണഭോക്താക്കൾക്കുള്ള സബ്സിഡിയിൽനിന്നും ബാങ്ക് കമ്മീഷൻ കുറവു ചെയ്യുന്നു

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലെ അർഹരായ 159 ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡി തുകയായ 1,92,571/- രൂപ കാത്തലിക്ക് സിറിയൻ ബാങ്കിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തത്. ഇതിന് ബാങ്ക്, കമ്മീഷൻ ഈടാക്കിയിട്ടുണ്ട്. ഇത് അനുവദനീയമല്ല. ഇതേ പ്രോജക്റ്റിൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്ന ഇതര ബാങ്കുകൾ കമ്മീഷൻ ഈടാക്കിയിട്ടുമില്ല. കമ്മീഷൻ തുക ഗുണഭോക്താക്കളുടെ സബ്സിഡിയിൽ നിന്നും കുറവു ചെയ്തിരിക്കുകയാണ്. ഈ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അനുവദിച്ച സബ്സിഡി തുകയുടെയും ഈടാക്കിയ കമ്മീഷന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഗുണഭോക്താക്കളുടെ എണ്ണം | തുക | ഈടാക്കിയ കമ്മീഷൻ |
|---|---|---|---|---|
| 1 | വാഴകൃഷി | 21 | 31500 | 202 |
| 2 | ജാതികൃഷി | 23 | 42375 | 545 |
| 3 | നെൽകൃഷി | 57 | 55985 | 388 |
| 4 | ഉല്പാദന ബോണസ് | 58 | 62711 | 228 |
| | ആകെ | 159 | 1,92,571 | 1363 |

## 3-4 മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 ൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെക്കൊടുക്കുന്നു.

പ്രോജക്ട് നം. - S0011/16

അടങ്കൽ - 1,50,000/-

ചെലവ് - 1,50,000/-

വിഭാഗം - ജനറൽ

ആശുപത്രിയിലേയ്ക്ക് 26 തരം മരുന്ന് വാങ്ങാൻ ഇപ്രകാരം 1,50,000/-രൂപ ഡയറക്ടർ,കേരളസ്റ്റേറ്റ് കോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും (ഡി.ഡി.നം.854015 തീയ്യതി25/01/2016)മരുന്നുകൾ ലഭ്യമായിട്ടില്ല. എന്നാൽ ഓഡിറ്റ് സമയത്തും മരുന്ന് ആശുപത്രിയിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ മരുന്നിനുവേണ്ടി ചെലവഴിച്ച 150000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വാഹന-വാടക ആദായനികുതി ഈടാക്കിയില്ല.

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് മെഡിക്കൽ ടീമിന് രോഗികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തുന്നതിന് ദിവസവാടകയ്ക്കെടുത്തത് എം.എസ്.രമേശൻ,മാരായിൽ വീട്, കുന്നുകര എന്നയാളുടെ KL-42-F-1900 നമ്പർ വാഹനമാണ്. വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിൽ 1000/-രൂപ നിരക്കിലാണ് വാടക നിശ്ചയിച്ചിരുന്നത്. 2015-16 ഓഡിറ്റ് വർഷം ടിയാന് വാഹന വാടകയിനത്തിൽ ആകെ 88000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ നൽകി. ആദായനികുതി ആക്ട് സെക്ഷൻ 194c അനുസരിച്ച് പ്രതിവർഷം 75000/-രൂപയിൽ അധികം വരുന്ന ബില്ലുകളിൽനിന്നും 1% ആദായനികുതി ഈടാക്കേണ്ടതുണ്ട്.എന്നാൽ ആദായനികുതി പിടിക്കാതെയാണ് മെഡിക്കൽ ഓഫീസർ തുകനൽകിയിട്ടുള്ളത്. തുകനൽകിയിട്ടുള്ളതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ബിൽനമ്പർ | നൽകിയ തുക | ഡി.ഡി.നം.&തീയ്യതി |
|---|---|---|
| 2/15-16 | 22000 | 758155/ 24-7-2015 |
| 3/15-16 | 11000 | 882294/ 1/9/2015 |

| | | |
|---|---|---|
| 5/15-16 | 11000 | 884621/ 19/10/2015 |
| 6/15-16 | 11000 | DDNO.NIL/14/1/16 |
| 7/15-16 | 4000 | DDNO.NIL/26/1/16 |
| 8/15-16 | 9000 | DDNO.NIL/28/1/2016 |
| 10/15-16 | 3000 | 858938/ 29/3/2016 |
| പഞ്ചായത്ത് Chequeno.51102 | 17000 | 180572/ 31/3/2016 |
| ആകെ | | 88000/- |

ഇപ്രകാരം നല്കിയിട്ടുള്ള 88000/-രൂപയിൽനിന്നും ആദായനികുതിയായി(1%) 880 രൂപ തിരിച്ചുപിടിച്ച് ആദായനികുതി ഡിപ്പാർട്ടുമെന്റിൽ അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, 14/1/16 ലെ11000/-,26/1/16ലെ4000/-,28/1/16ലെ 9000/- എന്നീ തുകകളുടെ കൈപ്പറ്റ് രശീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 3-6 അങ്കണവാടി കേന്ദ്രങ്ങളിൽ സൂക്ഷിക്കുന്ന ഉപയോഗ ശൂന്യമായ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും നീക്കം ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ആകെ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരെണ്ണം പഞ്ചായത്തു വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അവശേഷിക്കുന്ന 10 എണ്ണമാകട്ടെ വാടകക്കെട്ടിടത്തിലും പ്രവർത്തിക്കുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അവസ്ഥ വളരെ പരിതാപകരമാണ്. അവിടങ്ങളിൽ കുട്ടികൾക്ക് പഠിക്കാനും,വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള സാഹചര്യം തുലോം പരിമിതമാണ്. ഈ അവസ്ഥയിൽനിന്നും അങ്കണവാടികളെ പുരോഗതിയിലേയ്ക്കാനയിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ബഹുഭൂരിപക്ഷം അങ്കണവാടികൾക്കും പരിമിതമായ സ്ഥലസൗകര്യങ്ങളേയുള്ളൂ. പഞ്ചായത്തിൽ നിന്നും ഓരോവർഷവും വാങ്ങിനൽകുന്ന പാത്രങ്ങൾ,ഫർണ്ണീച്ചറുകൾ,കളിപ്പാട്ടങ്ങൾ എന്നിവയും, പഴയതും, കേടുവന്നവയും, ഉപയോഗ ശൂന്യമായവയും എല്ലാം ഒന്നിച്ച് സ്റ്റോർ റൂമുകളിൽ കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണ്. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 22 അങ്കണവാടികൾക്കും പുതിയ ഗ്യാസ് സ്റ്റൗ വാങ്ങി നൽകിയിട്ടുണ്ട്. പഴയഗ്യാസ് സ്റ്റൗ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു. ലഭ്യമായിരിക്കുന്ന സ്ഥലസൗകര്യങ്ങൾ പാഴ്‌വസ്തുക്കൾ കൊണ്ടു നിറയുകയും അവയെല്ലാം പൊടിപടലം കൊണ്ടു നിറയുകയും ചെയ്തിരിക്കുന്നു. ഇവ കുട്ടികൾക്ക് പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ അവസ്ഥ ഇല്ലായ്മ ചെയ്യാൻ, പഴയവസ്തുക്കൾ നീക്കം ചെയ്യാൻ പഞ്ചായത്ത് ക്രിയാത്മകമായി പ്രവർത്തിക്കേണ്ടതാണ്. അങ്കണവാടിയ്ക്കായി വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകൾക്ക് 375/-രൂപയാണ് വാടകയായി നല്കുന്നത്. ഇത്രയും കുറഞ്ഞ തുകയ്ക്ക് സൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് ലഭ്യമാവില്ല. കുറച്ചുകൂടി സൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്ത് അങ്കണവാടികൾ അവയിലേയ്ക്ക് മാറ്റാൻ പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് /നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ഭിന്നശേഷിക്കാർക്ക് പഠനോപകരണം | 1,00,000 | 0 |
| | 2,00,000 | പാലിയേറ്റീവ് കെയർ | 59,145 | 1,40,855 |
| ശുചിത്വ മിഷൻ | 3,00,000 | ബയോ ഗ്യാസ് പ്ലാന്റ് | 0 | 3,00,000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 83,090 | ഭിന്നശേഷി ക്കാർക്ക് പഠനോപകരണം | 0 | 83,090 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ | 21500317 | 1,00,000 | 0 | 0 | 10000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ | 21500542 | 16,48,000 | 0 | 0 | 1648000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ | 21501227 | 1,36,000 | 0 | 0 | 136000 |
| KSEB | സ്ട്രീറ്റ് ലൈൻ | 21500469 | 9,10,000 | 0 | 0 | 910000 |
| KSEB | സ്ട്രീറ്റ് ലൈൻ | 21500470 | 1,49,913 | 0 | 0 | 1499137 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗി ക്കാനവ ശേഷിക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ച ടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവനം | സ.ഉ.315/10 dtd 27.03.2010 | 15157500 | 2392800 | 2392800 | - | 0 |
| 2 | ഭവന നിർമ്മാണം | | 3000000 | 3000000 | 500000 | - | 2500000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 12320/-രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക |
|---|---|---|
| 1998-99 | ഖണ്ഡിക- 42 | 3563 |
| 1998-99 | ഖണ്ഡിക- 52 | 2156 |
| 2011-12 | ഖണ്ഡിക- 3(5) | 6601 |
| | ആകെ | 12320 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 ഖ.2-6 | 2006-07 ഖ.3-44-1 | ലിഫ്റ്റ് ഇറിഗേഷൻ - കർഷക സമിതികൾക്ക് റിവോൾവിങ്ങ് ഫണ്ട് | RR നടപടിയ്ക്ക് ശുപാർശ ചെയ്തു. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65672836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52446574 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,14,186 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 880 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., ഡോ.മനോജ് ഒ.പി. |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,14,186 | ശ്രീമതി.ഷിജി ജോസ്, അസി.എഞ്ചിനീയർ |
| 3-4 | 1,50,000 | ഡോ.മുഹമ്മദ് റഫീഖ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50,000 | ശ്രീമതി. വിജയമാലിനി.പി.ആർ, അസി.സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 880 | ഡോ. മനോജ്, മെഡിക്കൽ ഓഫീസർ (PHC) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മനോജ് ഒ.പി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഫ്ളാറ്റ് നം.6F, 5-1, മണ്ടാലയ് പോയന്റ് ബൈപ്പാസ് ജംഗ്ഷൻ, ഇടപ്പള്ളി, കുന്നകര. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98/14.10.98 | |
| 1997-98 | എൽ.എഫ്.ഇ(പി3)1582/9 /30.06.00 | |
| 1998-99 | എൽ.എഫ്.ഇ(പി3)339/98/14.10.98 | |
| 1999-00 | എൽ.എഫ്.ഇ(പി3)1175/0/01.06.04 | |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04/01.01.05 | |
| 2002-03(ചെലവ്) | എൽ.എഫ്.ഇ(പി3)1304/0 /22.02.04 | |
| 2003-04 | എൽ.എഫ്.ഇ(പി3)16/07/13.02.08 | |
| 2004-05 | എൽ.എഫ്.ഇ(പി3)274/09/11.01.10 | |
| 2005-06 | എൽ.എഫ്.ഇ(പി3)274/09/11.01.10 | |
| 2006-07 | എൽ.എഫ്.ഇ(പി3)274/09/11.01.10 | |
| 2007-08 | എൽ.എഫ്.ഇ(പി3)991/08/11.05.09 | |
| 2008-09 | എൽ.എഫ്.ഇ(പി3)843/11/23.12.11 | |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11,21.10.11 | |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11,21.10.11 | |
| 2011-12, 2012-13 | എൽ.എഫ്.ഇ(പി11)692/14,13.06.14 | |
| 2014-15 | എൽ.എഫ്.ഇ(പി11)880/16,07.06.16 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.11)1908 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 30.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## AUDIT CERTIFICATE

No.KSA-EKM(P11)1908/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad - 682030
Phone : 0484 - 2422271
e-mail : doekm.ksad@kerala.gov.in
Dated : 30.11.2016

Certified that I have audited the Annual Financial Statement of Kunnukara Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kunnukara Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director **(HG)**